# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 249

06.10.2016 -ൽ മറുപടിക്ക്

## സമ്പാദ്യ സമാശ്വാസ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. റോജി.എം.ജോൺ<br>ശ്രീ.കെ.മുരളീധരൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പാദ്യ സമാശ്വാസ പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. ഓരോ വർഷവും ആഗസ്റ്റ് മാസം മുതൽ ഏപ്രിൽ മാസം വരെയുള്ള 9 മാസങ്ങളിലായി ഓരോ മത്സ്യത്തൊഴിലാളിയിൽ നിന്ന് പ്രതിമാസം 100/- രൂപ വീതം ആകെ 900/- രൂപ ശേഖരിച്ച് ബാങ്കിലടയ്ക്കുകയും സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും യഥാക്രമം 900/- രൂപ വീതവും ചേർത്ത് ആകെ 2700/- രൂപ മൂന്ന് തവണകളിലായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു. 2012 മുതൽ നോഡൽ ബാങ്കുകൾ മുഖേന ഡി.ബി.റ്റി.യിലൂടെ മത്സ്യത്തൊഴിലാളികൾക്ക് തുക നൽകുന്നു. |
| (സി) | എത്ര തുകയാണ് പ്രസ്തുത പദ്ധതിയനുസരിച്ച് ധനസഹായമായി നൽകുന്നത്; | (സി) | 2015-16 വർഷം വരെ ഗുണഭോക്തൃ വിഹിതമായി 900/- രൂപയും സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും യഥാക്രമം 900/- രൂപ വീതവും ചേർത്ത് ആകെ 2700/- രൂപ മൂന്ന് തവണകളിലായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു. |
| (ഡി) | സമ്പാദ്യ സമാശ്വാസ പദ്ധതി | (ഡി) | 2016-17 സാമ്പത്തിക വർഷം മുതൽ |

| | | |
|---|---|---|
| നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | നിലവിലുള്ള പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം 1500/- രൂപയായി വർദ്ധിപ്പിക്കുകയും അതേ ക്രമത്തിൽ സംസ്ഥാന കേന്ദ്ര വിഹിതങ്ങളും ലഭ്യമാക്കി ആനുകൂല്യം 4500/- രൂപയായി വർദ്ധിപ്പിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായുള്ള പ്രോജക്ട് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ